പൊതു വിദ്യാഭ്യാസ
ഡയറക്റ്ററുടെകാര്യാലയം,
ഹയർസെക്കൻററി വിഭാഗം,
ഹൗസിങ് ബോർഡ് ബിൽഡിംഗ്,
തിരുവനന്തപുരം-1

നംബർ. ICT Cell/1771/1/DGE-HSS/2020 01/10/2020

# സർക്കുലർ

വിഷയം: സ്പോർട്ട്സ് ക്വാട്ട സപ്ലിമെൻററി അലോട്ട്മെൻറ് : നിർദ്ദേശങ്ങൾ

സൂചന : 1) GO(Rt).No. 2356/2020/GEdn dated 27/07/2020
2) ഇതേ നമ്പറിൽ 2 2020 ആഗസ്റ്റ് 4 -ലെ സർക്കുലർ

മുഖ്യഘട്ടത്തിൽ രണ്ട് അലോട്ട്മെൻറുകളും സപ്ലിമെൻററിഘട്ടത്തിൽ ഒരു അലോട്ട്മെൻറും ഉൾപ്പെട്ടതാണ് സ്പോർട്സ് ക്വാട്ട പ്രവേശനം. മുഖ്യഘട്ടത്തിലെ രണ്ട് അലോട്ട്മെൻറുകൾ 2020 ഒക്ടോബർ 1 ന് പൂർത്തീകരിക്കുകയുണ്ടായി. മുഖ്യഘട്ടത്തിൽ പരിഗണിക്കുന്നതിനായി സ്പോർട്സ് മികവ് രജിസ്ട്രേഷനും (SPORTS ACHIEVEMENT REGISTRATION) ജില്ലാ സ്പോർട്സ് അധികൃതരുടെ വെരിഫിക്കേഷനും 2020 ആഗസ്റ്റ് 4 മുതൽ ആഗസ്റ്റ് 26 വരെയും സ്കൂൾ / കോഴ്സുകൾ ഓപ്ഷനായി സമർപ്പിക്കുന്നതിനുള്ള ഓൺലൈൻ സംവിധാനം(APPLY ONLINE-SPORTS) 2020 ആഗസ്റ്റ് 5 മുതൽ ആഗസ്റ്റ് 27 വരെയും അനുവദിച്ചിരുന്നു.

മുഖ്യഘട്ടത്തിൽ സ്പോർട്സ് മികവ് രജിസ്ട്രേഷൻ നടത്തി ജില്ലാ സ്പോർട്സ് കൗൺസിലിൽ നിന്നും സ്കോർ കാർഡ് നേടാൻ കഴിയാത്തവർക്ക് 2020 ഒക്ടോബർ 2 മുതൽ 6 ന് വൈകിട്ട് 4 മണിവരെ അതത് ജില്ലാ സ്പോർട്സ് കൗൺസിലുകളുമായി ബന്ധപ്പെട്ട് നേടാവുന്നതാണ്.

മുഖ്യഘട്ടത്തിൽ സ്കോർ കാർഡ് നേടിയ ശേഷം സ്പോർട്സ് ക്വാട്ട പ്രവേശനത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാത്തവർക്കും , പുതിയതായി സ്കോർ കാർഡ് നേടുന്നവർക്കും സപ്ലിമെൻററി ഘട്ടത്തിൽ **APPLY ONLINE-SPORTS** എന്ന ലിങ്കിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ പരിപൂർണ്ണമായി സമർപ്പിച്ച ശേഷം **Create Candidate Login-Sports** എന്ന ലിങ്കിലൂടെ **Candidate Login-Sports** രൂപീകരിക്കേണ്ടതാണ്. പ്രവേശനവുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ കാൻഡിഡേറ്റ് ലോഗിനിലൂടെയാണ് നിർവഹിക്കേണ്ടത്. മുഖ്യഘട്ടത്തിൽ അപേക്ഷിച്ചിട്ടും അലോട്ട്മെൻറ് ലഭിക്കാത്തവർക്ക് വേക്കൻസിക്ക് അനുസൃതമായി പുതിയ ഓപ്ഷനുകൾ ഉൾപ്പെടുത്തി അപേക്ഷ പുതുക്കുവാനുള്ള സൗകര്യം ക്യാൻഡിഡേറ്റ് ലോഗിനിലെ Renewal Application എന്ന ലിങ്കിലൂടെ ലഭ്യമാകുന്നതാണ്. 2020 ഒക്ടോബർ 3 മുതൽ ഒക്ടോബർ 6 ന് വൈകിട്ട് 5 മണി വരെ ഇത്തരത്തിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സപ്ലിമെൻററി അലോട്ട്മെൻറിനായുള്ള വേക്കൻസി അഡ്മിഷൻ വെബ്സൈറ്റായ www.hscap.kerala.gov.in -ൽ 2020 ഒക്ടോബർ 3 ന് രാവിലെ 9 മണിയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്.

# സ്പോർട്ട്സ് ക്വാട്ട സപ്ലിമെൻററി പ്രവേശന ഷെഡ്യൂൾ

| | | |
|---|---|---|
| സ്പോർട്സ് മികവ് രജിസ്ട്രേഷനും വെരിഫിക്കേഷനും | : | 02/10/2020 മുതൽ 06/10/2020(വൈകിട്ട് 4 വരെ) |
| ഓൺ ലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | : | **03/10/2020** |
| അപേക്ഷ സമർപ്പിക്കേണ്ട അവസ്സാന തീയതി | : | **06/10/2020** |
| സ്പോർട്ട്സ് ക്വാട്ടസപ്ലിമെൻററിഅലോട്ട്മെൻറ് തീയതി | : | **07/10/2020** |
| **സ്പോർട്ട്സ് ക്വാട്ടഅവസ്സാനപ്രവേശന തീയതി** | : | **08/10/2020** |

പൊതുവിദ്യാഭ്യാസ ഡയറക്ടർ